"ഭരണഭാഷ-മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

നമ്പർ : E5/6001/2020

വനിത ശിശുവികസന വകുപ്പ് ഡയറക്ടറുടെ
കാര്യാലയം, പൂജപ്പുര, തിരുവനന്തപുരം
www.wcd.kerala.gov.in
e-mail : directorate.wcd@kerala.gov.in
തീയതി - 23.03.2020

ഡയറക്ടർ
വനിത ശിശുവികസന വകുപ്പ്
തിരുവനന്തപുരം

എല്ലാ ശിശുക്ഷേമ സമിതി ചെയർമാൻമാർക്കും

സർ,

വിഷയം : വനിത ശിശുവികസന വകുപ്പ് - കോവിഡ് 19 - പ്രതിരോധപ്രവർത്തനങ്ങൾ-സി.ഡബ്ല്യു.സി സിറ്റിംഗ്-പരിമിതപ്പെടുത്തുന്നത് സംബന്ധിച്ച്.

സൂചന : സർക്കാർ പരിപത്രം നം- എസ്.എസ്.1/50/പൊ.ഭ.വ, തീ 18.3.2020.

സംസ്ഥാനത്ത് സാമൂഹ്യവ്യാപനത്തിലൂടെ പടർന്നുപിടിക്കാൻ ഇടയുള്ള കോവിഡ്-19 പ്രതിരോധിക്കുന്നതിന്റെ ഭാഗമായി സർക്കാർ ആഫീസുകളിലും അനുബന്ധ സ്ഥാപനങ്ങളിലും പാലിക്കപ്പെടേണ്ട നിയന്ത്രണങ്ങളെക്കുറിച്ച് സൂചന പരിപത്രത്തിലൂടെ സർക്കാർ വ്യക്തമായ നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ചൈൽഡ് വെൽഫെയർ കമ്മിറ്റികളുടെ തുടർച്ചയായുള്ള സിറ്റിംഗ് പരിമിതപ്പെടുത്തേണ്ടതും കുട്ടികളുടെ സുരക്ഷയും താമസത്തിനുമായ അടിയന്തിരതീരുമാനമെടുക്കേണ്ട കേസുകൾ മാത്രം ഒരാഴ്ചയിൽ ഒന്നോ, രണ്ടോ സിറ്റിംഗിൽ കേൾക്കുന്നതുമായിരിക്കും ഉചിതമായിട്ടുള്ളത്. ആയതിനാൽ കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ചൈൽഡ് വെൽഫെയർ കമ്മിറ്റി സിറ്റിംഗ് മേൽ വിവരിച്ച രീതിയിൽ പരിമിതപ്പെടുത്തണമെന്ന് അറിയിക്കുന്നു. സിറ്റിംഗ് നടക്കുന്നിടത്ത് ജനക്കൂട്ടം പൂർണ്ണമായും ഒഴിവാക്കേണ്ടതും ഡി.സി.പി.യു മുഖേന സോപ്പ്/ഹാൻഡ് വാഷ്/സാനിറ്റൈസർ എന്നിവ ഏർപ്പാടാക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ,

വനിത ശിശുവികസന വകുപ്പ് ഡയറക്ടർ

പകർപ്പ്-
1. എല്ലാ ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ആഫീസർമാർക്കും
2. ചിൽഡ്രൻസ് ഹോം സൂപ്രണ്ടുമാർക്ക്